<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2588</u> <u>13-02-2024 - ൽ മറുപടിയ്ക്ക്</u>

<u>ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ടതും 2019 മുതൽ സർക്കാർ ജീവനക്കാരായി വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ മുനിസിപ്പൽ കോമൺ സർവീസിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കുന്നതിനുള്ള തടസ്സം വിശദമാക്കാമോ; | (എ) | **തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ടതും 2019 മുതൽ സർക്കാർ ജീവനക്കാരായി വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ മുനിസിപ്പൽ കോമൺ സർവീസിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് അതത് നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നാണ് ശമ്പളം നൽകി വരുന്നത്. സർക്കാറിന്റെ സഞ്ചിതനിധിയിൽ നിന്ന് ശമ്പളം അനുവദിക്കുന്ന ജീവനക്കാർക്കാണ് നിലവിൽ പെൻ നമ്പർ അനുവദിച്ച് വരുന്നത്. ആയതിനാലാണ് മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കാത്തത്. തനത് ഫണ്ടിൽ നിന്ന് ശമ്പളം നൽകിവരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിലവിൽ ജി-സ്പാർക്കിലുൾപ്പെടുത്തി ജി-പെൻ നമ്പർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | ധനകാര്യ വകുപ്പിന്റെ സർക്കുലർ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പെൻ നമ്പറാണ് നൽകേണ്ടത് എന്നിരിക്കെ സർക്കാർ ജീവനക്കാരാക്കി മാറ്റിയ നഗരസഭാ ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | **മുനിസിപ്പൽ കോമൺ സർവീസിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് അതത് നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നാണ് ശമ്പളം നൽകി വരുന്നത്. സർക്കാറിന്റെ സഞ്ചിതനിധിയിൽ നിന്ന് ശമ്പളം അനുവദിക്കുന്ന ജീവനക്കാർക്കാണ് നിലവിൽ പെൻ നമ്പർ അനുവദിച്ച് വരുന്നത്. ആയതിനാലാണ് മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കാത്തത്. തനത് ഫണ്ടിൽ നിന്ന് ശമ്പളം നൽകിവരുന്ന തദ്ദേശ സ്വയംഭരണ** |

| | | | |
|---|---|---|---|
| | | | **സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിലവിൽ ജി-സ്പാർക്കിലുൾപ്പെടുത്തി ജി-പെൻ നമ്പർ അനുവദിക്കുന്നതുനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (സി) | പഞ്ചായത്ത് ഫണ്ടിൽ നിന്നും ശമ്പളം നൽകുന്ന പഞ്ചായത്ത് ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | **പഞ്ചായത്ത് ഫണ്ടിൽ നിന്നും ശമ്പളം നൽകുന്ന പഞ്ചായത്ത് ജീവനക്കാർ സർവ്വീസിൽ പ്രവേശിക്കുമ്പോൾ തന്നെ അതത് ജില്ലകളിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്ന് പെൻ നമ്പർ അനുവദിക്കുന്നുണ്ട്. ടി പെൻ നമ്പർ ഉപയോഗിച്ചാണ് ടി ജീവനക്കാർക്ക് സർവ്വീസ് സംബന്ധിച്ച് ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പാക്കി വരുന്നത്. എന്നാൽ ടി ജീവനക്കാർക്ക് ശമ്പളം നൽകുന്നത് സ്പാർക്ക് മുഖേനയല്ല.**<br><br>**1. സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ഡയറക്ടറേറ്റുകളുൾപ്പെടെയുള്ള ഓഫീസുകളിലേക്ക് സ്ഥലം മാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് ശമ്പളം മാറുന്നത് ടി പെൻ നമ്പർ ഉപയോഗിച്ചാണ്.**<br><br>**2.പ്രിസം രജിസ്ട്രേഷൻ**<br><br>**3.ഐ.എൽ.ജി.എം.എസ് ലോഗിൻ**<br><br>**4.സ്റ്റോർ രജിസ്ട്രേഷൻ**<br><br>**5. BIMS രജിസ്ട്രേഷൻ**<br><br>**6. ജി.പി.എ.ഐ.എസ്, എസ്.എൽ.എ, ജി.ഐ.എസ്. എന്നിവ ട്രഷറിയിൽ അടവാക്കുന്നത്.** |

സെക്ഷൻ ഓഫീസർ